## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2789**

**10.03.2017-ന് മറുപടിയ്ക്ക്**

## <u>സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാകുന്ന പദ്ധതി</u>

<u>ചോദ്യം</u>

ശ്രീ.മുരളി പെരുനെല്ലി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>മറുപടി</u>

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

2016-2021 കാലയളവിൽ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിലെ ഒരു ഹൈസ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടും. ഇതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ആവശ്യാനുസരണം മെച്ചപ്പെടുത്തുകയും ലൈബ്രറി, ലബോറട്ടറി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതാണ്. സ്ഥലപരിമിതിക്ക് അനുസൃതമായി ജൈവവൈവിദ്ധ്യ പാർക്കിന്റെ നിർമ്മാണവും നടത്തുന്നതാണ്. കൂടാതെ എല്ലാ സ്കൂളുകൾക്കും ലഭ്യമാകുന്ന തരത്തിലുള്ള അക്കാദമിക മികവ് കൈവരിക്കുന്നതിനുള്ള സൗകര്യവും ടി സ്കൂളിന് ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ